രോഹിണിഅമ്മ

ആനയറ : പത്മവിലാസത്തിൽ പരേതനായ ഗോവിന്ദൻ സാറിന്റെ ഭാര്യ രോഹിണിഅമ്മ (84) നിര്യാതയായി. മക്കൾ: രേണ, ബീന, ഷാജി, സുനിൽ. മരുമക്കൾ: സന്തോഷ്, ജയകുമാർ, മോളി, റീമ. സംസ്കാരം ഇന്ന് രാവിലെ 8.30ന് മുട്ടത്തറ മോക്ഷ കവാടത്തിൽ. ഫോൺ : 9495666453.

രാധമ്മ അമ്മ

ചെറുന്നിയൂർ : ശാസ്താംനട അശ്വതി നിവാസിൽ ചെല്ലപ്പൻ പിള്ളയുടെ ഭാര്യ എം. രാധമ്മ അമ്മ (83) നിര്യാതയായി. മക്കൾ: വസന്ത, രഘുവരക്കുറുപ്പ്, വിജയകുമാരി, ഹരികുമാർ, വിമല കുമാരി. മരുമക്കൾ: ഗോപിനാഥൻ പിള്ള, പരേതയായ ഗീതാകുമാരി, കെ. ബാബു, ജയശ്രീ, സുധാകരൻ പിള്ള. സഞ്ചയനം : 16ന് രാവിലെ 8ന്.

സരസ്വതി അമ്മ

തിരുമല: വിളയിൽ വീട് തിരുമല റസിഡന്റ്സ് അസോസിയേഷനിൽ (ടി.ആർ.എ 11, ടി.സി8/1612) കുശക്കോട് പരേതനായ ചെല്ലപ്പൻ പിള്ളയുടെ ഭാര്യ സരസ്വതി അമ്മ (92) നിര്യാതയായി. മക്കൾ : പരേതയായ ലേഖ. ജയശ്രീ. മരുമക്കൾ : വിജയകുമാർ, പരേതനായ മണികണ്ഠൻ നായർ. സഞ്ചയനം : 17 ന് രാവിലെ 8.30 ന്. ഫോൺ: 9995419464.

കുഞ്ഞുലക്ഷ്മി അമ്മ

കോവളം : മുട്ടയ്ക്കാട്, ശ്രീവിശാഖിൽ പരേതനായ കെ. ഗോവിന്ദപിള്ളയുടെ ഭാര്യ എൻ. കുഞ്ഞുലക്ഷ്മി അമ്മ (96) നിര്യാതയായി. മക്കൾ : സുമതി അമ്മ, സുലോചന, തങ്കമ്മ, വിജയമ്മ, വേലപ്പൻനായർ, സരസ്വതി, പരേതയായ ശ്യാമള. മരുമക്കൾ : പരേതനായ ഉണ്ണിക്കൃഷ്ണൻനായർ, പരേതനായ കൃഷ്ണൻനായർ, പരേതനായ വസുദേവൻനായർ, സുകുമാരൻനായർ, അംബികാദേവി അമ്മ, ശ്രീകണ്ഠൻനായർ, പരേതനായ വിജയകുമാരൻപിള്ള. സഞ്ചയനം : ഞായറാഴ്ച രാവിലെ 8.30 ന്.

ജയചന്ദ്രിക

വട്ടപ്പാറ : ജയവിഹാർ, താഴെ ചിറ്റാഴയിൽ പരേതനായ രമേശന്റെ ഭാര്യ ജയചന്ദ്രിക (77) നിര്യാതയായി. മക്കൾ: ജയകുമാർ, പരേതനായ അനിൽകുമാർ, രാജ്കുമാർ, രജനി, അജയകുമാർ. മരുമക്കൾ: ലേഖ, സോണിയ, മഞ്ജു, ശ്രീകണ്ഠൻ. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്.

ശാരദ

എള്ളുവിള : കൈതോട്ടുകോണം കിഴക്കേക്കര പുത്തൻ വീട്ടിൽ രാജമണിയുടെ ഭാര്യ ശാരദ (58) നിര്യാതയായി. മക്കൾ: ബൈജു, ഷൈജു. മരുമക്കൾ : ഷീജ, മണി. മരണാനന്തര ചടങ്ങ് ശനിയാഴ്ച രാവിലെ 9.30ന്.

ജയിൻ ആന്റണി

കൊല്ലം: ശക്തികുളങ്ങര കണ്ടത്തിൽ വീട്ടിൽ പരേതനായ കൈക്കാരൻ ആന്റണിയുടെ ഭാര്യ ജയിൻ ആന്റണി (88) നിര്യാതയായി. സംസ്കാരം ഇന്ന് രാവിലെ 9ന് ശക്തകുളങ്ങര സെന്റ് ജോൺ ഡി ബ്രിട്ടോ ദേവാലയ സെമിത്തേരിയിൽ. മക്കൾ: ആഗനസ് ലൂക്ക്, ബോണി ആൻഡ്രൂസ്, ജോസഫ് ആന്റണി, തോമസ് ആന്റണി, യോഹന്നാൻ ആന്റണി, മേരിക്കുട്ടി സെബാസ്റ്റ്യൻ, ഫ്രീസ എഡ്വേർഡ്, ബ്രിട്ടോ ആന്റണി. മരുമക്കൾ: ലൂക്ക് ജി ഫേൺസ്, ആൻഡ്രൂ അഗസ്റ്റിൻ, ജയിൻ ജോസഫ്, ബ്രിജിറ്റ് തോമസ്, ഗ്രേസി യോഹന്നാൻ, സി. ഡി. സെബാസ്റ്റ്യൻ, എഡ്വേർഡ് സഖറിയ, മരിയ ഗൊരേറ്റി ബ്രിട്ടോ. ഫോൺ: 9446540019.

ഉണ്ണിക്കൃഷ്ണൻ

തിരുവനന്തപുരം : പട്ടം ടി. കെ. ദിവാകരൻ റോഡിൽ നൃഹൗസിൽ (കെ. പി. ആർ.എ -6) കെ. ഉണ്ണി കൃഷ്ണൻ (88) നിര്യാതനായി. ഭാര്യ : കെ. രാജരത്തമ്മ. മക്കൾ : ഹരീഷ് ഉണ്ണിക്കൃഷ്ണൻ, സുരേഷ് ഉണ്ണിക്കൃഷ്ണൻ, രമേഷ് ഉണ്ണിക്കൃഷ്ണൻ, ഡോ. ബീന ഉണ്ണിക്കൃഷ്ണൻ. മരുമക്കൾ : അരുണ ഹരീഷ്, സീമാസാഹ്നി, ഡോ. അശ്വിൻകുമാർ. ഫോൺ: 9447760678.

ബീന

കല്ലറ : മൈലമൂട് അടപ്പുപാറ സ്രുതി നിവാസിൽ ഷാജിയുടെ ഭാര്യ ബീന (38) നിര്യാതയായി. മക്കൾ : സ്രുതി, സ്വാതി, സുവിദ്യ. സഞ്ചയനം : ഞായറാഴ്ച രാവിലെ.

സി. ലീല

വർക്കല: അയിരൂർ കൃഷ്ണലീലയിൽ കൃഷ്ണൻകുട്ടിയുടെ ഭാര്യ സി. ലീല (62) നിര്യാതയായി. മക്കൾ : പരേതനായ സന്തോഷ്, സതീഷ്, രതീഷ്. മരുമക്കൾ : പുലരി, സബിത, അശ്വതി. സംസ്കാരം: ഇന്ന് രാവിലെ 10ന്.

ഡി. തങ്കമ്മ

കല്ലിയൂർ : പുന്നമൂട് മോഡൽ എച്ച്.എച്ച്.എസിനു സമീപം വട്ടവിള വീട്ടിൽ പരേതനായ സുശീലന്റെ (ഉണ്ണിപണിക്കരുടെ) ഭാര്യ ഡി. തങ്കമ്മ (83) നിര്യാതയായി. മക്കൾ: ശശിധരൻ, രാജൻ, സുമ, ഗിരിജ, സുജ, ഗീത. മരുമക്കൾ : പ്രസന്നകുമാരി, മായ, ബാബു, സുരപാലൻ, ശിവൻ, ചന്ദ്രഗുപ്തൻ. സഞ്ചയനം: 17ന് രാവിലെ 8ന് പള്ളിച്ചൽ പെട്രോൾ പമ്പിനു പിറകുവശം ദീപു നിവാസിൽ.

തങ്കമ്മ

കുറ്റിച്ചൽ : തച്ചൻകോട് ധന്യ ഭവനിൽ പരേതനായ ഭാർഗ്ഗവ പണിക്കരുടെ ഭാര്യ തങ്കമ്മ (95) നിര്യാതയായി. മക്കൾ : പരേതനായ ഗോപി, പരേതനായ സുകുമാരൻ, വാസു, പരേതനായ കൃഷ്ണൻ, ശേഖരൻ, പരേതനായ ബാബു, ഭുവനേന്ദ്രൻ, വസന്ത, പരേതയായ സരസ്വതി. മരുമക്കൾ : രാജമ്മ, തുളസി, ഇന്ദിര, സുഗന്ധി, ഗീത, അമ്പിളി, അമ്പിളി, ആർ. ശ്രീനിവാസൻ. സഞ്ചയനം : ഞായറാഴ്ച രാവിലെ 9ന്. ഫോൺ : 9495903395.

കുഞ്ഞി

തിരുവനന്തപുരം : മുട്ടത്തറ പൊന്നറ നഗർ ഹൗസ് നമ്പർ 59 ൽ ടി. സി 42/1230 പരേതനായ ചെല്ലപ്പന്റെ ഭാര്യ കെ. കുഞ്ഞി (ഗോമതി, 74) നിര്യാതയായി. മക്കൾ: പരേതയായ കുമാരി, സാവിത്രി, ശോഭന, ചന്ദ്രൻ, ഉണ്ണി. മരുമക്കൾ: കുട്ടപ്പൻ, പരേതനായ ബാബു, ശോഭ, ബിന്ദു. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്.

ഉഷാകുമാരിഅമ്മ

പരവൂർ: കൂനയിൽ കൊച്ചാലുംമൂട് ചാലുവിള വീട്ടിൽ തുളസീധരൻപിള്ളയുടെ ഭാര്യ ഉഷാകുമാരിഅമ്മ (54) നിര്യാതയായി. മക്കൾ: ഷൈനി (പരവൂർ നഗരസഭാ കൗൺസിലർ), പരേതയായ ജീജ. മരുമക്കൾ: സുനിൽകുമാർ, വേണുഗോപാൽ.

ലക്ഷ്മി അമ്മാൾ

തിരുവനന്തപുരം: കാലടി, മരുതറ ജംഗ്ഷൻ, കെ.എസ്. ആർ.എ - 33 (1) - രാജ് നിവാസിൽ പരേതനായ കുമാരസ്വാമിയുടെ ഭാര്യ ടി. ലക്ഷ്മി അമ്മാൾ (92, ബാപ്പുജി നഗർ, പോങ്ങുമൂട്) നിര്യാതയായി. മക്കൾ : കെ. രാജൻ (റിട്ട. മാനേജർ, പി.എൻ.ബി), കെ. കൃഷ്ണൻകുട്ടി (റിട്ട. ഡ്രോയിംഗ് മാസ്റ്റർ), പരേതനായ കെ. നടരാജൻ, എൽ. ശാന്തകുമാരി, എൽ. ബേബി, കെ. സുന്ദരം (ദേവി ഫാർമ), കെ, കുമരേശൻ (രാജേഷ് വാച്ച് വർക്ക്സ്). മരുമക്കൾ : കെ. മുത്തുലക്ഷ്മി, കെ. ബേബി, എസ്. ചന്ദ്രിക, എസ്. സുബയ്യൻ ആചാരി, കെ. കൃഷ്ണൻ, പി.ആർ. അനിത, കെ. ശ്രീരഞ്ജിനി. സഞ്ചയനം : 17ന് രാവിലെ ഒമ്പതിന്. ഫോൺ : 7012106650.

കൗസല്യ

ആറ്റിങ്ങൽ : പട്ട്ള ഗോകുലം ഹൗസിൽ കൗസല്യ (78, റിട്ട. ഇലക്ട്രസിറ്റി ബോർഡ് സൂപ്രണ്ട്) നിര്യാതയായി. ഭർത്താവ്: പരേതനായ പുരുഷോത്തമൻ (എക്സി. എൻജി. കെ. എസ്. ഇ. ബി) മകൻ: ലൈജു മനോഹർ. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 9ന്.

അബുസാബീവി

വാമനപുരം : കോട്ടുകുന്നം കുഴയ്ക്കാട്ട് വീട്ടിൽ പരേതനായ പിച്ചക്കണ്ണ് അബൂബേക്കറിന്റെ ഭാര്യ അബുസാബീവി (95) നിര്യാതയായി. മക്കൾ: അബാസ് (എയർഫോഴ്സ്), അബുത്താലീഫ് (ആർമി), സുബൈദാബീവി. മരുമക്കൾ: സോഫിയ, സഫീന, പരേതനായ ഷാഹുൽ ഹമീദ് (സർവേ സൂപ്രണ്ട്).

രാജമ്മ

കല്ലമ്പലം : പുതുശ്ശേരിമുക്ക് ഇടവൂർക്കോണം കുന്നുവിള വീട്ടിൽ രാജമ്മ (86) നിര്യാതയായി. മക്കൾ : ശ്യാമള, വിജയമ്മ, ലളിതാഭായി, ഗീതാഭായി, ലീലാഭായി, സുരേഷ്. മരുമക്കൾ : പുരുഷോത്തമൻ പിള്ള, രാജേന്ദ്രൻ പിള്ള, സുരേഷ്കുമാർ, രമ്യ, പരേതരായ മുരളീധരൻ നായർ, ഗോപാലകൃഷ്ണപിള്ള. മരണാനന്തര ചടങ്ങ് ഞായറാഴ്ച രാവിലെ എട്ടിന്.

സരസമ്മ

കൊഞ്ചിറവിള : ചെക്കിട്ടവിളാകത്തു വീട്ടിൽ പരേതനായ എസ്. അപ്പുക്കുട്ടന്റെ ഭാര്യ സരസമ്മ (ഓമന, 92) നിര്യാതനായി. മക്കൾ : എ. മോഹനകുമാർ (റിട്ട. ഗവ. അഡിഷണൽ സെക്രട്ടറി), എ. സുരേന്ദ്രനാഥൻ, എ. ഗോപകുമാർ, ഒ. രാജേശ്വരി, പരേതയായ ഒ. മഹേശ്വരി, എ. ജയപ്രകാശ് (വീഡിയോഗ്രാഫർ). മരുമക്കൾ : എൻ. സുജാത, പി. ശ്രീകല, റ്റി. ഉഷാകുമാരി, പരേതനായ എൻ. രവീന്ദ്രൻ, എസ്. സിന്ധുകുമാരി. സഞ്ചയനം 17ന് രാവിലെ 9ന്.

സുകേശൻ

എഴകോൺ: കാരുവേലിൽ അമ്പാടിയിൽ പരേതനായ വിശ്വംഭരന്റെ മകൻ സുകേശൻ (72) നിര്യാതനായി. സംസ്കാരം ഇന്ന് വൈകിട്ട് 4ന് വീട്ടുവളപ്പിൽ. ഭാര്യ: കനകമ്മ. മക്കൾ: ജിജു, ജിത്ത്, ജിസ്. മരുമക്കൾ: സൗമ്യ, ഐശ്വര്യ, ജിഷ.

സുജിത

ഇഞ്ചക്കാട്: ഏട്ടറവീട് (സുജിത് ഭവൻ) രഞ്ചുരമേശിന്റെ ഭാര്യ സുജിത (25) നിര്യാതയായി. മകൻ: സഞ്ജയ്.

സുബ്ബയ്യാപിള്ള

തിരുവനന്തപുരം : കരമന കീഴാറന്നൂർ ലക്കി ഗാർഡൻസിൽ എസ്.എൻ.ആർ.എ 365ൽ സുബ്ബയ്യാപിള്ള (81) നിര്യാതനായി. ഭാര്യ പരേതയായ മുത്തുലക്ഷ്മി. മക്കൾ : ജയശ്രീ, ലത, കവിത, നീലകണ്ഠദാസ് (മുരുകൻ). മരുമക്കൾ : രാമകൃഷ്ണൻ, പരേതനായ മുരുകൻ, നാഗേശ്വരൻ, രോഹിണി.

ആന്റണി

തിരുവനന്തപുരം : എയർപോർട്ട് ടാക്സി ഡ്രൈവേഴ്സ് വെൽഫെയർ അസോസിയേഷൻ മെമ്പർ ടി. സി. 36 /1848 സുബാഷ് നഗറിൽ ജെ. ആന്റണി (63) നിര്യാതനായി. ഭാര്യ : ജയ ആന്റണി. മക്കൾ : അജയ് ആന്റണി (ദുബായ്), അജൊ ആന്റണി (ദുബായ്). മരുമക്കൾ: വർല അജയ്, രഞ്ജു അജൊ.

ഗോപൻ. എസ്

തിരുവനന്തപുരം : നന്തൻകോട് കനകനഗർ, ടി. സി. 11/2207 (1), എ 166ൽ ഗോപൻ. എസ് (51) നിര്യാതനായി. അച്ഛൻ : സി. ശിവദാസ് (റിട്ട. ഗവ. പ്രസ്), അമ്മ : പരേതയായ സുമതി. ഭാര്യ: മഞ്ജു. മക്കൾ : ഗോപിക, ഗൗരിക. സഞ്ചയനം : ഞായറാഴ്ച രാവിലെ 8 ന്. ഫോൺ : 9847585850.

മനോജ് കുമാർ

നെടുമങ്ങാട് : അരുവിക്കര, കൈപ്പള്ളിക്കോണം അമൽ നിവാസിൽ മനോജ് കുമാർ (48) നിര്യാതനായി. ഭാര്യ : ഗീത കെ.എസ്. മകൻ : അമൽ എം.ജി. സഞ്ചയനം: ഇന്ന് രാവിലെ 8.30ന്.

നൂറുദ്ദീൻ

തിരുവനന്തപുരം : വള്ളക്കടവ് സുലൈമാൻ സ്ട്രീറ്റിൽ നൂറുദ്ദീൻ (85) നിര്യാതനായി. എ. ഐ. ടി. യു. സി പൂജപ്പുരയിലെ ഹെഡ്ലോഡ് തൊഴിലാളി ആയിരുന്നു. ഭാര്യ : റാബിയദ്. മക്കൾ : ആമിന, സീനത്ത്. മരുമക്കൾ: ബഷീർ (ഹെഡ്ലോഡ് വർക്കേഴ്സ് യൂണിയൻ, എ.ഐ.ടി.യു.സി കൺവീനർ, പൂജപ്പുര), നിസാർ.

ചന്ദ്രബോസ്

പന്തലക്കോട് : ഇടത്തറ പൊയ്ക വീട്ടിൽ പരേതരായ ഗോവിന്ദന്റെയും ദേവകിയുടെയും മകൻ ചന്ദ്രബോസ് (72) നിര്യാതനായി. ഭാര്യ : വസന്ത ബോസ്. മക്കൾ : വരുൺബോസ്, വേണി ബോസ്. മരുമകൻ : ജിജു മോൻ. സഞ്ചയനം 17ന് രാവിലെ 9ന് പന്തലക്കോട് ഇടത്തറ പൊയ്ക വീട്ടിൽ.

രാമചന്ദ്രൻ

നെടിയവിള: വേളൂരേത്ത് വടക്കതിൽ രാമചന്ദ്രൻ (45, കൊച്ചുകുട്ടൻ) നിര്യാതനായി. ഭാര്യ: ഉഷ. മകൻ: ആദർശ്. സഞ്ചയനം 17ന് രാവിലെ 8ന്.

ശ്രീജ

പുത്തൂർമുക്ക്: കോളനി പുത്തൻ വീട്ടിൽ പൊടിയന്റെ മകളും കുളക്കട ഗവ. എച്ച്. എസ്. എസിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയുമായ ശ്രീജ (14) നിര്യാതയായി. മാതാവ്: രമ. സഹോദരൻ: ശ്രീജിത്ത് (ഇൻഡ്യൻ റെയിൽവേ). ഫോൺ: 8593800621

എസ്. രഞ്ജിത്ത് കുമാർ

വർക്കല : വർക്കല യൂണിസൺ കോളേജ് പ്രിൻസിപ്പൽ മൈതാനം കെ.എസ്. ഭവനിൽ എസ്. രഞ്ജിത്ത് കുമാർ (57) നിര്യാതനായി. പരേതരായ കെ.ശിവദാസന്റെയും ബേബിസരോജത്തിന്റെയും മകനാണ്. ഭാര്യ : ബിനി എം. വി (ടീച്ചർ കെ. സി. എം എൽ. പി സ്കൂൾ, നാവായിക്കുളം). മക്കൾ : ഡോ. ആർ. അമേയ, ആർ. അനൈന (രണ്ടാം വർഷ മെഡിക്കൽ വിദ്യാർത്ഥിനി). സംസ്കാരം: ഇന്ന് രാവിലെ 9.30ന്.

വേലപ്പൻ നായർ

വട്ടപ്പാറ : കണക്കോട് കുളക്കോട്ടുകോണത്ത് സജിത് ഭവനിൽ വേലപ്പൻ നായർ (65) നിര്യാതനായി. ഭാര്യ : ഡി. ഗിരിജ കുമാരി. മക്കൾ: സജിത് കുമാർ . വി. ജി, അരുൺകുമാർ വി. ജി. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

രവി

തിരുവനന്തപുരം : കാഞ്ഞിരംപാറ വി.കെ.പി. നഗറിൽ ടി. സി. 7/382 ൽ രവി (52) നിര്യാതനായി. ഭാര്യ : അനിത. ശവസംസ്കാരം : ഇന്ന് മൂന്നിന് നെട്ടയം മലമുകൾ സെമിത്തേരിയിൽ. ഫോൺ : 9605495425, 9746441869.

വിശ്വംഭരൻ

തിരുവനന്തപുരം : കൊക്കണത്തല പണയിൽ വീട്ടിൽ ജി. വിശ്വംഭരൻ (72) നിര്യാതനായി. ഭാര്യ : സുഭാഷിണി. മക്കൾ : ലതിക, പരേതയായ അമ്പിളി, ശോഭ, ഗിരിജ. മരുമക്കൾ : പരേതനായ ആനന്ദൻ, രാജൻ, മധുസൂദനൻ.

മഹാദേവ്

നേമം : വെള്ളായണി ജംഗ്ഷൻ സുലക്ഷൻ വില്ലയിൽ എൻ. എസ്. മഹാദേവ് (89) നിര്യാതനായി. മക്കൾ: സുശീല, സുലക്ഷണൻ. മരുമക്കൾ : അനന്തശയന, ദീപദേവ്. സഞ്ചയനം 17ന് രാവിലെ 9ന്. സംസ്കാരം ഇന്ന് രാവിലെ 11ന് സ്വവസതിയിൽ.

സെബാസ്റ്റ്യൻ

ചിറയിൻകീഴ്: തെക്കേ അരയത്തുരുത്തി ഷൈനി നിവാസിൽ സെബാസ്റ്റ്യൻ (ദേവസി, 68) നിര്യാതനായി. ഭാര്യ : മേരിക്കുട്ടി. മക്കൾ : രാജേഷ്, സജിമോൻ, യേശുദാസ്, ഷൈനി. മരുമക്കൾ : സോണിയ, സുമ, ഷീജ. മരണാനന്തരചടങ്ങ് ശനിയാഴ്ച രാവിലെ 11ന് അരയതുരുത്തി ആൾസെയിന്റ്സ് ദേവാലയത്തിൽ.

രാജപ്പൻ ചെട്ടിയാർ

തിരുവനന്തപുരം : ആനയറ വടക്കേവിളാകം ഷൺമുഖവിലാസം വീട്ടിൽ എസ്. രാജപ്പൻ ചെട്ടിയാർ (71) നിര്യാതനായി. ഭാര്യ : ബി. ഗോമതി അമ്മാൾ. മക്കൾ : ശ്രീജിത്ത്, രാജശ്രീ. മരുമക്കൾ : രമ്യ, അരുൺ. മരണാനന്തര ചടങ്ങുകൾ 27 ന് രാവിലെ 9 ന് ശ്രീവത്സം വീട്ടിൽ. ഫോൺ: 9961870965.

കുവൈറ്റിൽ നിര്യാതനായി

ആറ്റിങ്ങൽ : കടുവയിലൽ കുന്നുവിള വീട്ടിൽ സുധീർ (42) കുവൈറ്റിലുണ്ടായ വാഹനാപകടത്തിൽ നിര്യാതനായി. ഭാര്യ : റജില. മക്കൾ : സുറുമി, സൽമാൻ. മരുമകൻ : സാദിഖ്. മൃതദേഹം ഇന്ന് പുലർച്ചെ നാട്ടിലെത്തിക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു. സംസ്കാരം രാവിലെ 10.30ന് പള്ളിക്കൽ ജമാഅത്ത് ഖബർസ്ഥാനിൽ.

കെ.എസ്. അരവിന്ദ്

പാലോട്: നന്ദിയോട് കള്ളിപ്പാറ മല്ലിക സദനത്തിൽ പരേതനായ കുമാരപിള്ളയുടെയും സതീദേവിയുടെയും മകൻ കെ. എസ്. അരവിന്ദ് (30) നിര്യാതനായി. സഹോദരങ്ങൾ : കെ. എസ്. അരുൺ, കെ.എസ്. ബിമൽ (സി.പി.എം പ്ലാവറ ബ്രാഞ്ച് സെക്രട്ടറി).

മോഹൻദാസ്

വെമ്പായം : നാരായണ വിലാസത്തിൽ മോഹൻദാസ് (62) നിര്യാതനായി. ഭാര്യ: ശോഭന. മക്കൾ: മേഘ മോഹൻ, മിഥുൻ മോഹൻ, റിജു മോഹൻ. സഞ്ചയനം: 16ന് രാവിലെ 9ന്. ഫോൺ: 9744663941.

അബ്ദുൽ റഷീദ്

കല്ലമ്പലം : സുജ്ജദിൽ കുളമുട്ടം മാദിക്കവിള വീട്ടിൽ അബ്ദുൾറഷീദ് (70) നിര്യാതനായി. പള്ളിയിൽ അസർ നമസ്കരിക്കുന്നതിനിടെയായിരുന്നു സംഭവം. ഭാര്യ : ജമീമ ബീവി. മക്കൾ : സുധീർ, സുധീന, സുമിന. മരുമക്കൾ : രഹന, നൈസാമുദ്ദീൻ, ഖാലിദ്.

എൻ. നീലകണ്ഠൻ

കല്ലമ്പലം : പുതുശ്ശേരിമുക്ക് പുളിയറക്കോണം കുന്നിൻപുറത്ത് വീട്ടിൽ എൻ. നീലകണ്ഠൻ (87) നിര്യാതനായി. ഭാര്യ: പരേതയായ ശാരദ. മക്കൾ : കുട്ടപ്പൻ, ഭാസ്കരൻ, ബാബു , മോഹനൻ. മരുമക്കൾ : അംബിക. കമല. അയിഷ, യശോദ. സംസ്കാരം : ഇന്ന് രാവിലെ 10ന്.

വി. സത്യശീലൻ

നാഗർകോവിൽ : നേശമണിനഗർ 468 - എസ്.എൻ ഭവനിൽ വി. സത്യശീലൻ (82) നിര്യാതനായി. ഭാര്യ : പരേതയായ കെ. ദമയന്തി. മക്കൾ : ഡോ. എസ്. ശാന്തിരാജേഷ് (സർക്കാർ ആശുപത്രി എറണാകുളം), ഡി.എസ്. ബ്രൈറ്റ് സത്യദേവൻ (ചെന്നൈ). മരുമക്കൾ : ഡോ. എസ്. രാജേഷ് (സർക്കാർ ആശുപത്രി, തൃശ്ശൂർ), ആർ. ബി. മീന (ശബരിഗിരി സ്കൂൾ, തിരുവനന്തപുരം). സഞ്ചയനം : ഞായറാഴ്ച രാവിലെ ഒമ്പതിന്.

എൻ. ശങ്കർ

ആര്യനാട് : കുളപ്പട വാലൂക്കോണം ആര്യാഭവനിൽ എൻ. ശങ്കർ (54) നിര്യാതനായി. ഭാര്യ : എസ്. ലേഖ. മക്കൾ : ആര്യ, ആതിര. മരുമകൻ : കാർത്തിക്. സഞ്ചയനം : ഞായറാഴ്ച രാവിലെ 9ന്.

ഗോപിനാഥൻ നായർ

നെടുമങ്ങാട്: ഇരിഞ്ചയം നീലാംബരിയിൽ ഗോപിനാഥൻ നായർ (77) നിര്യാതനായി. ഭാര്യ : ചന്ദ്രിക ജി. നായർ. മക്കൾ : മഞ്ജുഷ (അബുദാബി), തുഷാര, സിതാര (യു. പി. എസ് കുശവർക്കൽ). മരുമക്കൾ : ഹരിഹരൻനായർ (അബുദാബി), വസന്തകുമാർ (റിട്ട. ബി.എസ്. എഫ്), സലിൽ കുമാർ (കേരള പൊലീസ്). സഞ്ചനം. 18 ന് തിങ്കളാഴ്ച രാവിലെ 9 ന്. ഫോൺ : 9497960 197, 97466714253.

രഘുത്തമൻ

കല്ലമ്പലം : വടശ്ശേരിക്കോണം പനവിള (സുരഭി) വീട്ടിൽ രഘുത്തമൻ (62) നിര്യാതനായി. ഭാര്യ : പരേതയായ വിജയകുമാരി. മക്കൾ : സുരഭി (ചിപ്പി), ലെനിൻ (കണ്ണൻ). മരുമക്കൾ : ദാസ്, സിമി. സഞ്ചയനം ഞായർ രാവിലെ 8.30ന്.

ചാമ്പ്യൻ സലിം

ചങ്ങനാശേരി : പുതുപറമ്പിൽ ചാമ്പ്യൻ സലിം (58) നിര്യാതനായി. ഭാര്യ : പരേതയായ ഫസീല. മക്കൾ : ഫൈസൽ, ഫാസിൽ, ഫസൽ.

രവീന്ദ്രൻ ഉണ്ണിത്താൻ

കൊട്ടാരക്കര: പടിഞ്ഞാറ്റിൻകര അമ്മവീട്ടിൽ രവീന്ദ്രൻ ഉണ്ണിത്താൻ (68) നിര്യാതനായി. ഭാര്യ: രാധാമണിഅമ്മ. മക്കൾ: ഉണ്ണിക്കൃഷ്ണൻ, ഹരികൃഷ്ണൻ. മരുമകൾ: രാധിക ഉണ്ണി. സഞ്ചയനം 18ന് രാവിലെ.

ഗ്ലാഡ്സ്റ്റൺ ബേബി

നെയ്യാറ്റിൻകര: പറയ്ക്കോട്ടുകോണം ചെമ്മൺതട്ട് വീട്ടിൽ സി. ഗ്ലാഡ്സ്റ്റൺ ബേബി (ഗോപു, 74) നിര്യാതനായി. ഭാര്യ: കമലാക്ഷി (റിട്ട. ടീച്ചർ). മക്കൾ: സെമിനാതമ്പി (കേരള സിഡ്കോ മാനേജർ), ഗെത്സ്മെന. മരുമക്കൾ: സെൽവരാജ് (കോടതി സർവെയർ നെയ്യാറ്റിൻകര), മഞ്ജു (സീനിയർ ക്ലാർക്ക് താലൂക്കാഫീസ്, നെയ്യാറ്റിൻകര). പ്രാർത്ഥന : ഞായറാഴ്ച വൈകിട്ട് 3ന്.

ഫോൺ: 9142731090.

ബസ് കാലീസ്

പാറശാല : ആൽവിൻസ് വില്ലയിൽ ബസ് കാലീസ് (66) നിര്യാതനായി. ഭാര്യ : വിക്ടോറിയ. മക്കൾ : സ്റ്റീഫൻ ജോയ്, ജീജാ റോബി. മരുമക്കൾ: റോബി, സുനീത ജോയ്. പ്രാർത്ഥന : ഇന്ന് വൈകിട്ട് മൂന്നിന് പാറശാല സെന്റ് പീറ്റേഴ്സ് ചർച്ചിൽ.

സുരേഷ്ബാബു

മലയിൻകീഴ്: മാടമ്പാറ കടിയഞ്ചൽ വീട്ടിൽ സുരേഷ്ബാബു (54, വിമുക്ത ഭടൻ, തിരുവനന്തപുരം കന്റോൺമെന്റ് സ്റ്റേഷനിലെ ഹോം ഗാർഡ്) നിര്യാതനായി. ഭാര്യ : ലീലാംബിക. മകൻ: സ്വരാഗ് സുരേഷ്. സഞ്ചയനം : ഞായറാഴ്ച രാവിലെ 8 ന്. ഫോൺ: 9447388857.

രത്നാകരൻ

നൂലിയോട് : ചരുവിള പുത്തൻ വീട്ടിൽ രത്നാകരൻ (62) നിര്യാതനായി. ഭാര്യ : തങ്കമണി. മക്കൾ : കുമാർ, രജിത. മരുമകൻ : രാജേഷ്. സഞ്ചയനം തിങ്കളാഴ്ച രാവിലെ 9ന്.

കാലവർഷം: രണ്ട് പേർ വെള്ളത്തിൽ വീണ് മരിച്ചു

എൻ.സി. ഐസക്ക്

മുഹമ്മദ് ഷെരീഫ്

തിരുവല്ല : കാലവർഷത്തെ തുടർന്ന് തിരുവല്ലയിൽ രണ്ട് പേർ വെള്ളത്തിൽ വീണ് മരിച്ചു. ചൊവ്വാഴ്ച നിരണം പനച്ചമൂട്ടിൽ വെള്ളംനിറഞ്ഞ പാടശേഖരത്തിൽ വീണ യുവാവ് മരിച്ചു. നിരണം പനച്ചമൂട് കൊല്ലംതാഴയിൽ കെ. എം ഷാജഹാന്റെ മകൻ മുഹമ്മദ് ഷെരീഫാണ് (24) മരിച്ചത്. കഴിഞ്ഞ ശനിയാഴ്ച വെൺപാലയിൽ ആറ്റിൽ വീണ് കാണാതായ വെൺപാല നല്ലൂസ്ഥാനത്ത് മണലേട്ട് വീട്ടിൽ എൻ. സി. ഐസക്കിന്റെ (82) മൃതദേഹം ഇന്നലെ കണ്ടെത്തി.

വീടിനടുത്തുള്ള ചെങ്ങോലി പാടത്ത് ചൊവ്വാഴ്ച രാത്രി ഒമ്പതിന് മീൻ പിടിക്കാനിട്ട വല പൊക്കാൻ പോയപ്പോഴാണ് മുഹമ്മദ് ഷെരീഫ് കാൽവഴുതി വെള്ളത്തിൽ വീണത്. തുടർന്ന് ഫയർഫോഴ്സും നാട്ടുകാരും നടത്തിയ തെരച്ചിലിൽ രാത്രി 10.30ന് മൃതദേഹം കണ്ടെത്തി. അമ്മ: സഹീറ ബീവി. സഹോദരങ്ങൾ : റഹ്മത്ത്, മുഹമ്മദ് ഷാഫി, മെഹബൂബ.

ശനിയാഴ്ച രാവിലെ മണിമലആറിന്റെ കൈവഴിയായ കദളിമംഗലം ആറ്റിൽ കോളഭാഗത്ത് കടവിലാണ് കുളിക്കാനിറങ്ങിയ ഐസക്കിനെ കാണാതായത്. ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ തെരച്ചിൽ നടത്തിയെങ്കിലും ഒഴുക്ക് ശക്തമായതിനാൽ കണ്ടെത്തിയിരുന്നില്ല.

ഇന്നലെ പകൽ രണ്ടോടെ ഇവിടെ നിന്ന് ഒരു കിലോമീറ്റർ അകലെയുള്ള പുല്ലംപ്ലാവിൽ കടവിലാണ് മൃതദേഹം കണ്ടെത്തിയത്. ഭാര്യ: അന്നമ്മ. മക്കൾ: മിനി, മോനി. മരുമക്കൾ: ഫ്രെഡി, റെനി.

ടിപ്പർ ലോറിയിടിച്ച് ഗൃഹനാഥൻ മരിച്ചു



ക്രിസ്തുദാസ്

ശ്രീകാര്യം : റോഡിലൂടെ നടന്നുപോയ ഗൃഹനാഥൻ ടിപ്പർ ലോറികയറി മരിച്ചു. കാര്യവട്ടം ഇന്ദിരാജിനഗർ പുതുവൽ പുത്തൻവീട്ടിൽ ക്രിസ്തുദാസാണ് (65) മരിച്ചത്. ഇന്നലെ വൈകിട്ട് അഞ്ചിനായിരുന്നു അപകടം. ഡ്രൈവർ കുളത്തൂർ പുല്ലുകാട് സ്വദേശി പ്രവീണിനെ കഴക്കൂട്ടം പൊലീസ് കസ്റ്റഡിയിലെടുത്തു.

പുല്ലാന്നിവിളയിൽ നിന്ന് വീട്ടിലേക്ക് പോകുമ്പോഴാണ് ക്രിസ്തുദാസിനെ ലോറിയിടിച്ചത്. തുടർന്ന് ഇയാളുടെ തലയിലൂടെ ലോറി കയറിയിറങ്ങുകയായിരുന്നു. ടിപ്പർ മേനല്ലൂർ ജംഗ്ഷന് സമീപത്തെ ഗ്യാരേജിൽ ഒതുക്കാൻ കൊണ്ടുവരുമ്പോഴായിരുന്നു അപകടം.

മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ. ഭാര്യ : സെൽവി. മക്കൾ : നോബിൾ രാജ്, വിജയരാജ്, വിജിമോൾ. മരുമക്കൾ : ജോളി, വീല, ടോംസ്. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ഇന്ന് ഉച്ചയ്ക്ക് വീട്ടുവളപ്പിൽ സംസ്കരിക്കും.

പെൺകുട്ടി തൂങ്ങിമരിച്ച നിലയിൽ

പരവൂർ: കുനയിൽ പന്തലിൽ തൊടിയിൽ വിക്രമൻപിള്ളയുടെയും സിന്ധുവിന്റെയും മകൾ പൂജിതയെ (17) വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഇന്നലെ രാവിലെ 10നായിരുന്നു സംഭവം. നെടുങ്ങോലം ഗവ. എച്ച്.എസ്.എസിലെ പ്ലസ്ടു വിദ്യാർത്ഥിനിയായിരുന്നു. സഹോദരി : ദേവിക. പരവൂർ പൊലീസ് മേൽനടപടികൾ സ്വീകരിച്ച മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

ബസ് സ്കൂട്ടറിലിടിച്ച് വിദ്യാർത്ഥി മരിച്ചു

അഖിൽ

കുട്ടനാട്: എ.സി റോഡിൽ കെ.എസ്.ആർ.ടി.സി ബസ് സ്കൂട്ടറിലിടിച്ച് വിദ്യാർത്ഥി മരിച്ചു. പുളിങ്കുന്ന് കണ്ണാടി പഴയമഠത്തിൽ പ്രദീപിന്റെ മകൻ അഖിലാണ് (24) മരിച്ചത്. ഇന്നലെ വൈകിട്ട് 3.30ന് പാറയ്ക്കൽ കലുങ്കിന് കിഴക്ക് ഭാഗത്താണ് അപകടം. ബി. ടെക് പഠനം പൂർത്തിയാക്കിയ അഖിൽ ചങ്ങനാശേരിയിൽ നിന്ന് ബാങ്ക് പരീക്ഷയ്ക്കുള്ള പരിശീലനം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു എതിർദിശയിൽ നിന്ന് വന്ന ബസ് സ്കൂട്ടറിനെ ഇടിച്ചിട്ട ശേഷം വലിച്ചിഴക്കുകയായിരുന്നു. തുടർന്ന് അഖിൽ തത്ക്ഷണം മരിച്ചു. ബസിന്റെ അമിത വേഗതയാണ് അപകടത്തിന് കാരണമെന്ന് പറയുന്നു. മൃതദേഹം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ. മാതാവ്: സുജ. സഹോദരൻ: അഭിജിത്.

ആന്റണി റെയ്നോൾഡ്

ചാരുംമൂട്: പേരൂർ കാരാഴ്മ പൂത്തട്ടിൽ വീട്ടിൽ ആന്റണി റെയ്നോൾഡ് (ആന്റോ - 58) നിര്യാതനായി. സംസ്കാരം ഇന്ന് വൈകിട്ട് 3ന് ചാരുംമൂട് സെന്റ് മേരീസ് റോമൻ കാത്തലിക് ലാറ്റിൻ പള്ളി സെമിത്തേരിയിൽ. ഭാര്യ: വിർജീന ഡ്യൂറോ (മെറീന), മക്കൾ: ഡെസ്മണ്ട് റ്റിറ്റോ റെയ്നോൾഡ്, ഡെറിക്ക് റ്റാമിൻ റെയ്നോൾഡ്.

ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം.
കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം
ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.

ഒന്നാം ചരമവാർഷികം
(14.06.2018)

എസ്. ചന്ദ്രബോസ്
വിളയിൽ വീട്, വെന്നികോട്.
ആത്മാവിന് നിത്യശാന്തി
നേർന്നുകൊണ്ട്,
ദുഃഖിതരായ, ഭാര്യ : വി. ലത,
മക്കൾ : സരിത ബോസ്,
സംഗീത ബോസ്,
മരുമകൻ : രതീഷ്,
ചെറുമകൾ : റിതിഷ.
Phone : 09539481586.

(14.06.2018, വ്യാഴം)
20-ാം ചരമവാർഷികം
ബി. ചന്ദ്രൻ
കല ഹോട്ടൽ,
എയർപോർട്ട്, ശംഖുംമുഖം.

ദുഃഖിതയായ ഭാര്യ : പി. ഇന്ദിര.
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

22-ാം ചരമവാർഷികം
(14.06.2018)
എ. ഗീത
"ഗീതാസ്", അനിയൻ ലെയ്ൻ,
അമ്പലമുക്ക്, തിരുവനന്തപുരം.
ഈ സ്നേഹനിധി നമ്മെ വിട്ടുപിരിഞ്ഞിട്ട്
ഇന്നേക്ക് **22 വർഷം** തികയുന്നു!
ദുഃഖസ്മരണകളോടെ,
ഭർത്താവ്: എൽ.വി. അശോക് കുമാർ (U.K),
അമ്മ : അംബികാവതി. എ (ബേബി) (Late),
മക്കൾ : അരുൺ. ജി. അശോക് കുമാർ,
അർജ്ജുൻ ജി. അശോക് കുമാർ (U.K).
മരുമകൾ : ലിന്റാ അരുൺ അശോക് കുമാർ,
സഹോദരങ്ങൾ : ഷാജി. ജെ (ഷാ ആർട്സ്, മുട്ടത്തറ,
ജനാർദ്ദനാ റസിഡൻസി, വിഴിഞ്ഞം),
ഷിബു. ജെ (ഒളിമ്പിക് ഇൻഡസ്ട്രീസ്).